

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ(FIB FARM NEWS): 24-08-2021

1. തിരുവനന്തപുരം ആനയറവേൾഡ്മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന വിൽപ്പന കേന്ദ്രത്തിൽ നല്ലയിനം കുറ്റ്യാടി തെങ്ങിൻ തൈകൾവിൽപ്പനയ്ക്ക്ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്**9746692422** എന്ന നമ്പരിൽ ബന്ധപ്പെടുക.

2. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എം.ഐ.ഡി.എച്ച് പദ്ധതിയുടെ കീഴിൽ ഡ്രാഗൺ ഫ്രൂട്ട്, പൈനാപ്പിൾകൃഷി, ടിഷ്യൂകൾച്ചർവാഴ, പപ്പായകൃഷി, പ്ലാവ് കൃഷി, അവോക്കാഡോ, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മാംഗോസ്റ്റിൻ, കുടംപുളി, ഞാവൽ, ഹൈബ്രിഡ് പച്ചക്കറികൃഷി, കശുമാവ് എന്നിവയ്ക്കും പുൽവെട്ടിയന്ത്രം, മാനുവൽസ്പ്രേയർ, പ്രൈമറി മിനിമൽ പ്രോസസ്സിംഗ്യൂണിറ്റ്, റൈപ്പനിംഗ് ചേമ്പർ, ഇന്റഗ്രേറ്റഡ് പാക്ക്ഹൗസ് തുടങ്ങിയവയ്ക്കും സബ്സിഡി ലഭ്യമാണ്. തൃശൂർജില്ലയിലെ കർഷകർ ഈ മാസം 26-ാം തീയതിക്കു മുമ്പയി അതാത് ബ്ലോക്കിലെ കൃഷിഭവനുമായി ബന്ധപ്പെട്ട് അപേക്ഷകൾ നൽകേണ്ടതാണെന്ന് തൃശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

3. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കെപ്കോയിൽ നിന്നും ഉൽപാദിപ്പിക്കുന്ന 45 മുതൽ 60 ദിവസം പ്രായമുളള ബി.വി. 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000923** എന്ന നമ്പരിൽ ബന്ധപ്പെടുക.

**4.** രാഷ്ട്രീയ കൃഷിവികാസ്യോജന (ആർ.കെ.വി.വൈ) യുടെ ഭാഗമായി മണ്ണൂത്തി വെറ്ററിനറി യൂണിവേഴ്സിറ്റി മൃഗാശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന **ചെറുകിട നാമമാത്ര ഫാമുകളിലെആരോഗ്യ പ്രത്യുൽപ്പാദന പരിരക്ഷ പശുക്കളിൽ** എന്ന പദ്ധതിയുടെ ഭാഗമായിതൃശ്ശൂർജില്ലയിൽ വിദഗ്ദ്ധ വെറ്ററിനറിഡോക്ടർമാർ ഫാമുകളിൽഎത്തി പശുക്കളുടെ പരിശോധന നടത്തിയശേഷംവേണ്ട

പ്രതിവിധികൾ നിർദ്ദേശിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. **ഡോ. അജിത്കുമാർ. എസ് 9400322511, ഡോ. ഉഷ നാരായണ പിള്ള– 9847803271**

**പരിശീലന പരിപാടികൾ**

5. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംഗ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 24-ന്) **താറാവുവളർത്തൽ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

6. കേരളകാർഷികസർവകലാശാലമണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റീറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 24-ന്) **ഹൈ-ടെക്ക് പച്ചക്കറികൃഷി പ്രിസിഷൻ ഫാമിംഗ്** എന്ന വിഷയത്തിൽ ഉച്ചക്ക് 2 മണിമുതൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. https://forms.gle/nW6TwVR6Sx7TEdyA7 എന്ന ലിങ്കിലൂടെ പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **8111844463** എന്ന വാട്ട്സാപ്പ് നമ്പരിൽ ബന്ധപ്പെടുക.

7. തിരുവനന്തപുരം കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് **24-ന്**) **തെങ്ങ്കൃഷിരീതി** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9400288040** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നാളെ 25-ന് പശുക്കളിലെവന്ധ്യത - കാരണങ്ങളും പ്രതിവിധിയും ഈ മാസം 27-ന് ടർക്കിവളർത്തൽ** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522708.**

9. വെള്ളാനിക്കര ഹൈടെക്ക് റിസർച്ച് & ട്രെയിനിങ്ങ് യൂണിറ്റിൽ ഈ മാസം 25,26,27 തീയതികളിൽ രാവിലെ 10.30 മുതൽ കാൽസെന്റിലും അര സെന്റിലും നിർമ്മിച്ചിട്ടുള്ള ഹൈടെക്ക്അടുക്കളതോട്ടത്തിന്റെ നിർമ്മാണവും പരിപാലനവും, ഗ്രോബാഗ്കൃഷി, തിരിനന സംവിധാനം തയ്യാറാക്കൽ, വെർമി കംമ്പോസ്റ്റും ലഭ്യമാക്കുന്ന മൾട്ടിടയർ ഗ്രോബാഗ്, പോട്ടിങ്ങ് മിശ്രിതംഉണ്ടാക്കുക, രോഗകീടനിയന്ത്രണം, മണ്ണുപരിപാലനം, വിവിധവിളകളുടെ പരിപാലനം, ജൈവ-ജീവാണു വളങ്ങളുടേയും/കീടനാശിനികളുടേയും ഉപ യോഗംഎന്നീവിഷയങ്ങളിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവര ങ്ങൾക്ക് **9562338143, 7025498850** എന്ന നമ്പറിൽ ബന്ധപ്പെടുക .

10. തലയോലപ്പറമ്പ് മൃഗസംരക്ഷണപരിശീലന കേന്ദ്രത്തിൽ നിന്നും നാളെ (ആഗസ്റ്റ് 25-ന്) **പശുവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ**9188522706** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും പരിശീലനത്തിന്റെ പേരുംവാട്ട്സാപ്പ്സന്ദേശമായിഅയച്ചു നൽകി പേര് രജിസ്റ്റർചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് **04829 234323** എന്ന നമ്പരിൽ ബന്ധപ്പെടുക.

11. റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതന കൃഷിരീതികളിൽ റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർറബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നൽകുന്നു. ഇന്നും നാളെയുമായി (ആഗസ്റ്റ് 24,25) രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടുക.